**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3776** **27-10-2021 - ൽ മറുപടിയ്ക്ക്**

**വകുപ്പുതല ക്രിമിനൽ ജുഡീഷ്യറി പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | റവന്യൂ വകുപ്പ് ജീവനക്കാർക്കായി പി.എസ്.സി. നടത്തുന്ന വകുപ്പുതല ക്രിമിനൽ ജുഡീഷ്യറി പരീക്ഷയ്ക്ക് 18.09.2020 ന് അപേക്ഷ സ്വീകരിച്ച് ഒരു വർഷത്തിനുശേഷവും പരീക്ഷ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി സിലബസ് ലഘൂകരിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പുരോഗമിച്ചുവരവെയാണ് കൊറോണ മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗണും പൂർണ്ണമായ ഓഫീസ് പ്രവർത്തനം തടസ്സപ്പെട്ടുന്ന സാഹചര്യവും ഉണ്ടായത്. 2021 ജൂലൈ മാസമാണ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷകൾ നടത്തുവാനുള്ള അനുമതി സർക്കാർ പി.എസ്.സിക്ക് നൽകിയത്. ഓൺലൈൻ പരീക്ഷ നടത്തുവാനാണ് തീരുമാനമെടുത്തിരുന്നത്. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ പരീക്ഷ ഒഴിവാക്കി OMR പരീക്ഷ എല്ലാ ജില്ലകളിലും നടത്തുവാനും, സിലബസിൽ മാറ്റം വരുത്തുന്നത് കാലതാമസത്തിനിടയാക്കും എന്നതിനാൽ പഴയ സിലബസ് പ്രകാരം 09/11/2021 മുതൽ 17/11/2021 വരെ പരീക്ഷ നടത്തുവാനും പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരീക്ഷ സമയബന്ധിതമായി നടത്താത്തത് കാരണം റവന്യൂ വകുപ്പ് ജീവനക്കാരുടെ പ്രൊമോഷൻ തടസ്സപ്പെട്ടുന്ന പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി സിലബസ് ലഘൂകരിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പുരോഗമിച്ചുവരവെയാണ് കൊറോണ മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗണും പൂർണ്ണമായ ഓഫീസ് പ്രവർത്തനം തടസ്സപ്പെട്ടുന്ന സാഹചര്യവും ഉണ്ടായത്. 2021 ജൂലൈ മാസമാണ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷകൾ നടത്തുവാനുള്ള അനുമതി സർക്കാർ പി.എസ്.സിക്ക് നൽകിയത്. ഓൺലൈൻ പരീക്ഷ നടത്തുവാനാണ് തീരുമാനമെടുത്തിരുന്നത്. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ പരീക്ഷ ഒഴിവാക്കി OMR പരീക്ഷ എല്ലാ ജില്ലകളിലും നടത്തുവാനും, സിലബസിൽ മാറ്റം വരുത്തുന്നത് കാലതാമസത്തിനിടയാക്കും എന്നതിനാൽ പഴയ സിലബസ് പ്രകാരം 09/11/2021 മുതൽ 17/11/2021 |

| | | | |
|---|---|---|---|
| | | | വരെ പരീക്ഷ നടത്തുവാനും പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരീക്ഷ എല്ലാ വർഷവും നടത്തുന്നതിന് നിലവിലുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ; | (സി) | സ്പെഷ്യൽ ടെസ്റ്റുകൾ (ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് ഉൾപ്പെടെ) ഒരു വർഷത്തിൽ രണ്ട് തവണ നടത്തുന്ന രീതിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എങ്കിലും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് വിദഗ്ധരിൽ നിന്നുള്ള കാലതാമസം, അപേക്ഷകരുടെ എണ്ണത്തിനനുസൃതമായി ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ (എഞ്ചിനീയറിംഗ് കോളേജുകൾ) ലഭ്യത കുറവ് എന്നിവ കാലതാമസത്തിനിടയാക്കുന്നുണ്ട് |
| (ഡി) | പ്രസ്തുത പരീക്ഷകൾ എത്രയും വേഗം നടത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | 09.11.2021 മുതൽ 17.11.2021 വരെ പരീക്ഷ നടത്തുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ